**Swamy Saranam**

# TRAVANCORE DEVASWOM BOARD

WORKS DEPARTMENT

Office of the ***Executive Engineer***
**Kottayam**
Email: -tdbeektm@ *gmail.com*

**<u>ലേല പരസ്യം</u>**

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ തൃക്കാരിയൂർ ഗ്രൂപ്പിൽപ്പെട്ട **എറണാകുളം ജില്ലയിലെ കോതമംഗലം തൃക്കാരിയൂരിൽ സ്ഥിതി ചെയ്യുന്ന ദേവസ്വം ബോർഡ് ഹൈസ്കൂളിന്റെ പഴയ ഓടിട്ട കെട്ടിടങ്ങൾ, പഴയ ഓഫീസ് വാർക്കകെട്ടിടം എന്നിവ നിലവിലുള്ള അവസ്ഥയിൽ <u>16-09-2022 വെള്ളിയാഴ്ച പകൽ 11.30 മണിക്ക്</u> സ്കൂളിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നു**. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേദിവസം 11.30 മണിക്ക് മുൻപ്, GST റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുമായി സ്കൂളിൽ ഹാജരായി **8000 രൂപ നിരതദ്രവ്യം** കെട്ടിവെച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

മുദ്രവെച്ച കൊട്ടേഷനുകൾ സമർപ്പിക്കാനാഗ്രഹിക്കുന്നവർ **15-09-2022 വൈകുന്നേരം 4 മണിക്ക് മുൻപ് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയർ ആഫീസിൽ** ലഭിക്കത്തക്കവിധത്തിൽ സ്പീഡ് പോസ്റ്റിലോ രജിസ്റ്റർ പോസ്റ്റിലോ തിരുവിതാംകൂർ ദേവസ്വം ബോർഡ് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള **8000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്** (നിരതദ്രവ്യം), GST സർട്ടിഫിക്കറ്റ്, ആധാർകാർഡിന്റെ പകർപ്പ് ഉൾപ്പടെ അയക്കേണ്ടതാണ്. കൊട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്തു " **തൃക്കാരിയൂർ സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റുവാനുള്ള കൊട്ടേഷൻ**" എന്ന് രേഖപ്പെടുത്തിയിരിക്കണം. കൊട്ടേഷനുകൾ സമർപ്പിക്കുന്നവർ **ലേല ദിവസം 11.30 നു ലേല സ്ഥലത്തു ഹാജരാകേണ്ടതും**, പരസ്യലേലത്തിനുശേഷം ടി കൊട്ടേഷനുകൾ അതാതു വ്യക്തികളുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.

**കൂടുതൽ തുകക്ക് ലേലം/കൊട്ടേഷൻ വിളിക്കുന്നയാൾ നിരതദ്രവ്യം ഉൾപ്പടെ ലേലത്തുകയുടെ പകുതിയും 18% GST യും കൂടി ഉടനടി കെട്ടിവെക്കേണ്ടതാണ്.** ലേലത്തിൽ പങ്കെടുത്ത ബാക്കിയാളുകളുടെ നിരതദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ നൽകുന്നതാണ്. ഏറ്റവും കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ഡിപ്പാർട്മെന്ററിൽ നിന്നും അന്തിമ അനുവാദം ലേലം കൊണ്ട വ്യക്തിക്ക് ലഭിച്ചു 5 ദിവസത്തിനുള്ളിൽ ബാക്കി അടക്കാനുള്ള തുകയോടൊപ്പം 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ച് 25 ദിവസത്തിനകം ടി കെട്ടിടങ്ങൾ സ്വന്തം ചെലവിൽ പൂർണമായി, അവശിഷ്ടങ്ങളുൾപ്പടെ തറനിരപ്പിൽ പൊളിച്ചുകൊണ്ടു പോകേണ്ടതാണ്. യാതൊരു കാരണവശാലും മണ്ണ് കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല.

ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാകൂർ ദേവസ്വം ബോർഡ് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നോ മൂവാറ്റുപുഴ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ ആഫീസ് സമയത്തു അറിയാവുന്നതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല. നിശ്ചിത സമയത്തിനുള്ളിൽ ലേലം കൊണ്ട കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയില്ലെങ്കിൽ ലേലത്തുക മുഴുവനായും ഡിപ്പാർട്മെന്റിലേക്കു മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണമായ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

കോട്ടയം, (ഒപ്പ്)

27 -08 -2022 എക്സിക്യൂട്ടീവ് എഞ്ചിനീയർ

കോട്ടയം

Phone : **Assistant Engineer:- 9645079992**

**Executive Engineer:- 9495999928**